"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം ഇ1/176/2024-എ എച്ച്
മൃഗസംരക്ഷണ- (ഇ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 31-12-2024

<u>സർക്കുലർ</u>

വിഷയം:- മൃഗസംരക്ഷണ വകുപ്പ് -ജീവനക്കാര്യം -ഉചിതമാർഗ്ഗേന സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

ജീവനക്കാർ വകുപ്പ് തലവൻ മുഖേനയാണ് സർക്കാരിലേക്ക് ബന്ധപ്പെടേണ്ടതെന്ന് Kerala Government Secretariat Instructions-ന്റെ ഖണ്ഡിക 88 പ്രകാരവും Manual of Office procedure -ലെ ഖണ്ഡിക 104 A പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ടെന്നിരിക്കെ ഉചിതമാർഗ്ഗേണയല്ലാതെ മൃഗസംരക്ഷണ ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും ജീവനക്കാർ ധാരാളം പരാതികൾ ഉചിത മാർഗ്ഗേണ , Advance copy , മുൻകൂർ പകർപ്പ് എന്ന രൂപേണ നേരിട്ട് സർക്കാരിലും ബഹു.മന്ത്രിക്കുമായി സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കുന്ന പരാതികൾ / അപേക്ഷകൾ ഉചിത മാർഗ്ഗേണ (ബന്ധപ്പെട്ട വകുപ്പ് തലവൻ മുഖേന) പിന്നീട് ലഭിച്ചു കാണുന്നുമില്ല . എന്നിരുന്നാലും ഇത്തരത്തിൽ സർക്കാരിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ / പരാതികൾ ഡയറക്ടർക്ക് റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയാണ് പതിവ്. ഡയറക്ടർ തലത്തിലും ജില്ലാ ഓഫീസുകളിലും തീരുമാനം കൈക്കൊള്ളേണ്ട വിഷയങ്ങളിൽ പോലും ബന്ധപ്പെട്ട ഓഫീസിൽ അപേക്ഷ സമർപ്പിക്കാതെ നേരിട്ട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നതിനാൽ ഫയലുകളുടെ എണ്ണം ക്രമാതീതമായി വർധിച്ച് ജോലിഭാരം വർദ്ധിക്കുന്ന സാഹചര്യവും ഇതോടൊപ്പം സംജാതമാകുന്നു .

ഈ സാഹചര്യത്തിൽ സർക്കാരിലേക്ക് വകുപ്പ് തലവൻ / അധികാര നിയോജനം (Delegation of Power) ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന മാത്രമെ പരാതികൾ/അപേക്ഷകൾ സമർപ്പിക്കാൻ പാടുള്ളൂവെന്ന് മൃഗസംരക്ഷണ വകുപ്പിലെയും ക്ഷീര വികസന വകുപ്പിലെയും മുഴുവൻ ജീവനക്കാർക്കും നിർദ്ദേശം നൽകുന്നു. അതോടൊപ്പം ജീവനക്കാർ ഉചിതമാർഗേണ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി നൽകുന്ന പരാതികൾ / അപേക്ഷകൾ എന്നിവയിൽ അവയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പ് തലവന്മാർ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് സഹിതം സർക്കാരിലേക്ക് പ്രസ്തുത പരാതികൾ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ് .

മൃഗസംരക്ഷണ വകുപ്പിലെയും ക്ഷീര വികസന വകുപ്പിലെയും എല്ലാവിഭാഗം ജീവനക്കാരും മേൽ വിവരിച്ചിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകുന്നു. ജീവനക്കാരുടെയും അറിവിലേയ്ക്കായി എല്ലാ ഓഫീസുകളുടെയും നോട്ടീസ് ബോർഡിൽ ഈ സർക്കുലർ പതിക്കേണ്ടതാണെന്നും മൃഗസംരക്ഷണ വകുപ്പിന്റെ വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:

ഡയറക്ടർ, മൃഗ സംരക്ഷണ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
ഡയറക്ടർ, ക്ഷീര വികസന ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
എല്ലാ ജില്ലാ മൃഗസംരക്ഷണ, ക്ഷീര വികസന ഓഫീസർമാർക്കും (ഡയറക്ടർ മുഖാന്തിരം)
മൃഗസംരക്ഷണ (എഫ്/ജി) വകുപ്പ്
ക്ഷീര വികസന വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
സെക്ഷൻ ഓഫീസർ
Date: 04-01-2025 10:55:22

ഭരണഭാഷാ മാതൃഭാഷ

പുറത്തെഴുത്ത് കത്ത് നമ്പർ : AHD/109/2025-X4 തീയതി: 28-02-2025

സർക്കാരിന്റെ 31/12/2024 ലെ ഇ1/176/2024/എ.എച്ച് നമ്പർ സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കും, തുടർനടപടികൾക്കുമായി ഇതോടൊപ്പം നൽകുന്നു.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് II
ഡയറക്ടർക്കു വേണ്ടി.

Signed by
Ajaya Kumar R
Date: 28-02-2025 12:18:44

സ്വീകർത്താവ്:-

എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും/വകുപ്പുതല മേധാവികൾക്കും.( പ്രസ്തുത സർക്കുലർ സമയബന്ധിതമായി സബ് ഓഫീസുകളിലേക്ക് നൽകി കൈപറ്റ് റസീപ്റ്റ് ലഭ്യമാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് വിജിലൻസ് സെക്ഷനിൽ ലഭ്യമാക്കേണ്ടതുമാണ്. )

പകർപ്പ്:-

1) ഡയറക്ടറേറ്റിലെ എല്ലാ ജീവനക്കാർക്കും
2) ഐ.റ്റി ഓഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക്)
3) എം സെക്ഷൻ (നോട്ടീസ് ബോർഡിൽ പതിപ്പിക്കുന്നതിലേക്കായി )